St. Peter's Jacobite Syrian Orthodox Church

# In This Issue


1. Welcome to our New Patriarchal Vicar
   **H.G. Pathros Mor Osthatheous**
2. Thanks to our Ex Patriarchal Vicar
   **H.G. Geevarghese Mor Athanaseous**
3. ആഗസ്റ്റ് 2010 വിശേഷദിവസങ്ങൾ
4. Bull of H.H. Patriarch of Antioch & All the East
5. Message from the Vicar
6. July, 2010 Happenings in our Parish
7. Sunday School News
8. **The Changing Phase** - Miss. Lemma
9. New Memberships
10. അനുശോചന സന്ദേശങ്ങൾ
11. **A Quiz by the Numbers** - Mrs. Leela Alexander
12. Comparison – A Blow to Sibling Harmony - Mrs. Leela Alexander

# സ്നേഹോഷ്മളമായ സ്വാഗതം



## ബഹ്റൈൻ ഇടവകയുടെ പുതിയ മെത്രാപ്പോലീത്ത
## നി.വ.ദി.ശ്രീ. പത്രോസ് മാർ ഒസ്താത്തിയോസ്

അഭിവന്ദ്യനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ 2010 ജൂലൈ ഒന്നാം തീയതി മുതൽ നമ്മുടെ ഇടവക മെത്രാപ്പോലീത്ത ആയി പരിശുദ്ധ പാത്രിയർക്കീസ് ബാവ തന്റെ കൽപ്പന മൂലം അവരോധിച്ചിരിക്കുക്കുന്നു.

വൈദിക സെമിനാരിയുടെയും ബിബ്ളിക്കൽ അക്കാദമിയുടെയും സഹായ മെത്രാപ്പോലീത്തയായ അദ്ദേഹത്തെ സിംഗപ്പൂർ, മലേഷ്യ ഭദ്രാസനത്തിന്റെയും പുതിയ മെത്രാപ്പോലീത്തയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രശസ്ത വൈദിക പാരമ്പര്യമുള്ള പുലിക്കോട്ടിൽ കുടുംബത്തിൽ കുന്നംകുളം പെങ്ങമുക്ക് ഇടവകയിൽ നിന്നും കോയമ്പത്തൂർ സെന്റ് മേരീസ് യാക്കോബായ സിറിയൻ പള്ളി ഇടവകയിലേക്ക് മാറി താമസിച്ച ചാക്കോയുടെയും, സലോമിയുടെയും മകനായി 1964 നവം ബർ പന്ത്രണ്ടാം തീയതി ജനിച്ചു. കോയമ്പത്തൂരിലെ വിദ്യാലയങ്ങളിൽ പഠനം ആരംഭിച്ച്, മദ്രാസ് സർവ്വകലാശാലയിൽ നിന്നും ആംഗലേയ സാഹിത്യത്തിൽ ബിരുദം, എം.എസ്.ഒ.റ്റി. സെമിനാരിയിൽ വൈദികപഠനം, കൽക്കട്ട ബിഷപ്സ് കോളേജിൽ നിന്നും ബി.ഡി. ബിരുദം, ബാംഗ്ളൂർ ധർമ്മരാം വിദ്യാക്ഷേത്രയിൽ നിന്നും M.Th. S.M. ബിരുദാനന്തരബിരുദം എന്നിവ നേടി.

1995 ഓഗസ്റ്റ് ആറാം തീയതി കശ്ശീശ്ശ പട്ടം കിട്ടി, 2006 ജൂലൈ രണ്ടാം തീയതി കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ വച്ച് പരി. ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായിൽ നിന്നും ഹഗ്ഗായി എന്ന പേരിൽ റമ്പാൻ സ്ഥാനവും ജൂലൈ മൂന്നാം തീയതി വടക്കൻ പറവൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് മെത്രാപ്പോലീത്ത സ്ഥാനവും ലഭിച്ചു.

അഭിവന്ദ്യനായ തിരുമേനിയെ നമ്മുടെ ഇടവക മെത്രാപ്പോലീത്ത ആയി ലഭിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്താം. അദ്ദേഹത്തിന്റെ ഭരണം നമ്മുടെ ഇടവകയെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കും എന്നതിൽ ഒരു സംശയവും വേണ്ട.

അഭി. തിരുമേനിയെ നമ്മുടെ ഇടവക മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് ബഹുമാനപൂർവ്വം സ്വാഗതം ചെയ്യുന്നു.

# നി. വ. ദി. ശ്രീ. ഗീവർഗ്ഗീസ് മാർ അത്താനാസിയോസ്
## ബഹ്റൈൻ ഇടവക മെത്രാപ്പോലീത്ത സ്ഥാനമൊഴിഞ്ഞു



2004 മുതൽ 30 ജൂൺ 2010 വരെ നമ്മുടെ ഇടവകയുടെ അധിപനായി സ്നേഹപുരസ്സരം നമ്മെ നയിച്ച അഭിവന്ദ്യനായ ഗീവർഗ്ഗീസ് മാർ അത്താനാസിയോസ് തിരുമേനി.... നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും എന്നും വേണ്ട ഉപദേശങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും നൽകി നമ്മെ നയിച്ച അഭിവന്ദ്യനായ തിരുമേനി നമ്മുടെ ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നും ജൂൺ മാസം 30-ാം തീയതിയോടു കൂടി ഒഴിഞ്ഞു.

ബഹ്റൈൻ ഇടവകയുടെ സ്നേഹവും നന്ദിയും ഈ അവസരത്തിൽ അഭി. തിരുമേനിയെ അറിയിക്കുന്നതോടൊപ്പം തിരുമേനിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധമായ ആശംസകളും ബഹുമാനപൂർവ്വം നേരുന്നു.

## ആഗസ്റ്റ് 2010 വിശേഷദിവസങ്ങൾ

**ആഗസ്റ്റ് 1 (ഞായർ)**
ശൂനോയൊനോമ്പ് ആരംഭം

**ആഗസ്റ്റ് 6 (വെള്ളി)**
കൂടാരപ്പെരുന്നാൾ

**ആഗസ്റ്റ് 15 (ഞായർ)**
ശൂനോയൊനോമ്പ് വീടൽ, ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ. ഏഴു മണിക്ക് സന്ധ്യാപ്രാർത്ഥന, ഏഴരയ്ക്ക് വി. കുർബ്ബാന

**ആഗസ്റ്റ് 27 (വെള്ളി)**
സമ്മർ ക്ലാസ് സമാപനം

## പ്രാർത്ഥനായോഗം

ആഗസ്റ്റ് മാസത്തെ പ്രാർത്ഥനായോഗം ഇരുപതാം തീയതി ശ്രീ. ബെന്നി. പി. മാത്യുവിന്റെ (B 021) വസതിയിൽ വച്ചു നടത്തപ്പെടുന്നതായിരിക്കും. എല്ലാവരും പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

Address:
Flat No. 12, Building 335, Road 1011, Salmaniya 310

ܦܛܪܝܪܟܘܬܐ ܕܐܢܛܝܘܟ ܣܘܪܝܝܬܐ ܬܪܝܨܬ ܫܘܒܚܐ

**SYRIAN ORTHODOX PATRIARCHATE**
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 22260
DAMASCUS - SYRIA

بطريركية انطاكية وسائر المشرق للسريان الأرثوذكس
بـاب تومـا - ص.ب ٢٢٢٦٠
دمـشـق - سـوريـة

BY THE GRACE OF GOD

**Ignatius Zakka I Iwas**
Patriarch of Antioch & All the East
Supreme Head of the Universal Syrian Orthodox Church

No.E118/10

11-June-2010

Apostolic Benediction to our beloved spiritual children: the Reverend Vicar, office bearers and all the other faithful of our Jacobite Syrian Orthodox Churches and Congregations in the Kingdom of Bahrain.

After enquiring about your welfare we inform you the following. We had appointed His Grace Mor Athanasios Geevarghese Metropolitan as our Patriarchal Vicar for our churches in Bahrain, until 30th-June-2010. We have now relieved His Grace from the charges as the Patriarchal Vicar, with effect from 01st-July-2010, and have appointed His Grace Mor Osthatheos Pathrose, the Assistant Metropolitan for the Biblical Academy and Seminary, Patriarchal Centre, Puthencruz P. O., Ernakulam District–682308, Kerala, as the Patriarchal for our Jacobite Syrian Orthodox Churches and congregations in Bahrain, with effect from 01st-July-2010, until further orders from us. We advise you to extend your sincere cooperation and support to His Grace the Metropolitan, for all the welfare of our churches and faithful there. We appreciate the sincere services rendered by His Grace Mor Athanasios Geevarghese Metropolitan and pray for all his well beings. Also May God strengthen His Grace Mor Osthatheos Pathrose Metropolitan to carry out the new responsibilities in a manner most pleasing before God and for the welfare and Glory of our church. We extend our Apostolic Blessings to you. May the grace of God be with you all. ܐܒܘܢ ܕܒܫܡܝܐ ܘܫܪܟܐ

Copy to : His Grace Mor Osthatheos Pathrose Metropolitan.



## Message from the Vicar

# വി. മാതാവും സാക്ഷ്യപെട്ടകവും

**ഈ** വരുന്ന ഓഗസ്റ്റ് 15 ന് വി. സഭ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ കൊണ്ടാടുകയാണ്. വി. മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് അനുഗ്രഹീതരാകുവാൻ ആണ്ടുതോറും പല പെരുന്നാളുകളുണ്ടെങ്കിലും അവയിൽ ഏററവും പ്രധാനം 15 ദിവസത്തെ നോമ്പോടു കൂടി മോറാനായ പെരുന്നാളായി ആഘോഷിക്കുന്ന ഈ പെരുന്നാളാണ്.

മനുഷ്യരായി സ്രൃഷ്ടിക്കപ്പെട്ടിട്ടുള്ളവരിൽ ഇത്രയധികം മഹാപദവിയും പുകഴ്ചയും ലഭിച്ചിട്ടുള്ളത് ദൈവമാതാവായ വി. കന്യകമറിയാമിനല്ലാതെ മററാർക്കുമില്ല. സകല തലമുറകളാലും ഭാഗ്യവതി എന്നു പ്രകീർത്തിക്കപ്പെടുന്ന ഈ അമ്മയുടെ മദ്ധ്യസ്ഥതയിൽ അനേകർ അനുഗ്രഹം പ്രാപിച്ചു കൊണ്ടിരിക്കുകയാണല്ലോ! കട്ടച്ചിറ സെന്റ് മേരീസ് പള്ളിയിലും മററും വി. മാതാവിന്റെ നാമത്തിൽ നടക്കുന്ന അത്ഭുതങ്ങൾ നമ്മിൽ പലരുടേയും നഗ്നനേത്രങ്ങൾ കൊണ്ടു ദർശിച്ചിട്ടുള്ളതും ഈ വർത്തമാനകാലത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നവയുമായ യാഥാർത്ഥ്യങ്ങളാണല്ലോ. ഈ അത്ഭുതങ്ങൾ ദൈവത്തിന്റെ ശക്തമായ സാന്നിദ്ധ്യം വി. മാതാവിലൂടെ നമുക്ക് അനുഭവവേദ്യമാക്കി ദൈവം അനുഗ്രഹിക്കുന്നു. വി. മാതാവിന്റെ ശ്രേഷ്ടതകളെ വിവരിപ്പാൻ വി. പിതാക്കന്മാർ പഴയനിയമത്തിലെ പല ദ്രൃഷ്ടാന്തങ്ങളും നിഴലായി ചിത്രീകരിച്ചിരിക്കുന്നു. അവയിൽ സാക്ഷ്യപെട്ടകവുമായുള്ള ദൃഷ്ടാന്തീകരണം വി. ദൈവമാതാവിലൂടെ ദൈവസാന്നിദ്ധ്യം ലോകത്തിനു പ്രകടമാക്കുന്ന ഏററവും അർത്ഥവത്തായ ഒന്നാണ്.

സാദൃശ്യമായ് മോശ ചമച്ച പെട്ടകമമ്മേ
നിന്നുടെ രൂപം കാട്ടീടുകയാൽ ഭാഗ്യം തായെ
പേടകത്തിലീശ്വര ലിഖിത കൽഫലകകൾ
സത്യമായി നിന്നിലല്ലോ ജീവാഹാരം

ഈ പേടകത്തിന്റെ ഒരു സംക്ഷിപ്ത വിവരണത്തിലൂടെ വി. മാതാവുമായുള്ള സാദൃശ്യങ്ങൾ നമുക്ക് വിചിന്തനം ചെയ്യാം.

സാക്ഷ്യപെട്ടകം (നിയമപെട്ടകം), സീനായ് മലയിൽ വെച്ച് മോശ ദൈവത്തിൽ നിന്നും പ്രാപിച്ച നിയമ ഉടമ്പടി നിക്ഷേപിക്കുന്നതിനുവേണ്ടി മോശയുടെ നിർദ്ദേശപ്രകാരം ബസാലേൽ നിർമ്മിച്ചതാണ് . രണ്ടര മുഴം നീളം, ഒന്നര മുഴം വീതി, ഒന്നര മുഴം ഉയരം (4 ft X 2.5 ft X 2.5 ft ) പ്രകാരം ഖദിരമരം കൊണ്ട് നിർമ്മിച്ച് അകവും പുറവും സ്വർണ്ണതകിടുകൊണ്ട് പൊതിഞ്ഞ് അതിന്റെ മേൽ ചുററും സ്വർണ്ണം കൊണ്ടുള്ള ബീഡിംഗ് ഉള്ള ഒരു പെട്ടിയായിരുന്നു. നാലു മൂലകളിലായി നാലു സ്വർണ്ണ വളയങ്ങൾ, പെട്ടകം ചുമക്കേണ്ടതിനായി പൊന്നു പൊതിയപ്പെട്ട ഖദിരമരം കൊണ്ടുള്ള തണ്ടുകൾ. ഈ തണ്ടുകൾ വളയങ്ങളിൽ ചെലുത്തി തോളിൽ വഹിച്ചായിരുന്നു പെട്ടകം കൊണ്ടുനടന്നിരുന്നത് (പുറ: 25: 10 22). ഈ സാക്ഷ്യപെട്ടകത്തിനുമുകളിൽ 2.5 X 1.5 മുഴം അളവിൽ പൊന്നുകൊണ്ടുള്ള ക്രൃപാസനവും അതിൽ മുഖത്തോടുമുഖം നോക്കുന്ന രണ്ടു കെരൂബുകളും ഉണ്ടായിരുന്നു. ഈ കൃപാസനത്തിൽ നിന്നാണ് ദൈവം മോശയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നത്.

ദൈവത്തിന്റെ ശക്തമായ സാന്നിദ്ധ്യത്തിന്റെ പ്രത്യക്ഷപ്രതീകമായിരുന്ന പെട്ടകം പത്തു കൽപ്പനകൾ അടങ്ങിയ രണ്ടു കൽഫലകകളും, മന്നാ നിക്ഷേപിച്ചിരുന്ന പാത്രവും, അഹരോന്റെ തളിർത്ത വടിയും (എബ്ര. 9: 4 5) നിക്ഷേപിക്കപ്പെട്ട ഈ പെട്ടകം മോശയോടും അഹരോനോടും യോശുവയോടും യഹോവയ്ക്ക് സംസാരിക്കുവാനുള്ള വി. സ്ഥലം ആയിരുന്നു (പുറ. 25: 22, ലേവ്യ 16:2, യോശു 7:6). ഈ പെട്ടകത്തെ ദേശത്തിന്റെ ശക്തിശ്രോതസ്സായും, ഏകീകരണശക്തിയായും കണ്ട ദാവീദ് യരുശലേമിൽ ഇത് സ്ഥാപിച്ചു. ശലോമോൻ ദേവാലയം പണിതപ്പോൾ ഇത് ദേവാലയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. എന്നാൽ ബി.സി. 587 ൽ ബാബിലോണിയൻ ആക്രമണത്തിൽ യരുശലേം നശിപ്പിക്കപ്പെട്ടപ്പോൾ പെട്ടകവും നശിപ്പിക്കപ്പെട്ടു എന്നു കരുതപ്പെടുന്നു. യിരെമ്യ 3:16 ലാണ് പിന്നീടുള്ള പെട്ടകത്തിന്റെ പരാമർശം. പെട്ടകത്തിന്റെ സ്ഥാനത്ത് യരുശലേം ദൈവത്തിന് സിംഹാസനമായി വീക്ഷിക്കപ്പെടുന്നതായണ് കാണുന്നത്. എന്നാൽ 2 മക്കാബ്യർ 2 ൽ ഒരു ഐതിഹ്യം രേഖപ്പെടുത്തിയിരിക്കുന്നു. യിരെമ്യ പ്രവാചകൻ കൂടാരവും പെട്ടകവും നെബോ പർവ്വതത്തിലെ ഒരു ഗുഹയിൽ ഭദ്രമായി സൂക്ഷിച്ചു. അനുയായികളിൽ ചിലർ അങ്ങോട്ടുള്ള വഴി അടയാളപ്പെടുത്തുവാൻ മുതിർന്നെങ്കിലും കഴിഞ്ഞില്ല. പ്രവാചകൻ ഇതറിഞ്ഞപ്പോൾ ദൈവം തന്റെ ജനത്തെ ഒരുമിച്ചുകൂട്ടുകയും അവരോടു കരുണകാണിക്കുകയും ചെയ്യുവോളം ഈ സ്ഥലം അജ്ഞാതമായിരിക്കും. അന്നു കർത്താവ് ഇത് വെളിപ്പെടുത്തും. മോശയുടെയും, ശലോമോന്റെയും കാര്യത്തിൽ സംഭവിച്ചതുപോലെ കർത്താവിന്റെ മഹത്വവും തേജസ്സും അന്നു പ്രത്യക്ഷപ്പെടും (2 മക്കാ: 2: 7, 8).

ഇനി പെട്ടകത്തെ മാതാവുമായി സദൃശ്യപ്പെടുത്തി ചിന്തിയ്ക്കാം.

1. അകവും പുറവും തുരുമ്പു പററാത്തവിധം പൊന്നുകൊണ്ടു പൊതിയപ്പെട്ടതാണ് പെട്ടകം. വി.മാതാവും ലോകത്താലുള്ള കളങ്കം ഏൽക്കാത്തവൾ.
2. നിയമപെട്ടകം നാലു പൊൻവളയങ്ങളിൽ ചെലുത്തിയ തണ്ടുകളാൽ വഹിക്കപ്പെടുന്നു. നാലു സുവിശേഷങ്ങളിൽ മാതാവു പുകഴ്ത്തപ്പെടുന്നു.
3. പെട്ടകം ലേവ്യപുരോഹിതരാൽ ഉയർത്തപ്പെട്ടു. വി. മാതാവും ശൈശവം മുതൽ പ്രായപൂർത്തിയാകുന്നതുവരെ പുരോഹിതരുടെ മേൽനോട്ടത്തിലാണ് വളർത്തപ്പെട്ടത്.
4. അഹരോന്റെ തളിർത്ത വടിയും, കൽഫലകകൾ, മന്ന എന്നിവ പേടകത്തിലുണ്ടായിരുന്നു (എബ്രാ: 9: 1). സ്വർഗ്ഗീയമന്നായും, മഹാപുരോഹിതനു വചനവുമായ കർത്താവിനെ വഹിച്ച പേടകമായി വി. മാതാവ്.
5. <u>അനധിക്രൃതമായി സമീപിക്കുന്നവർക്ക് നാശം</u>

ഫെലിസ്ത്യർ യിശ്രായേല്യരെ ആക്രമിച്ച് പെട്ടകം എടുത്ത് അസ്തോദിൽ ദാഗോന്റെ ക്ഷേത്രത്തിൽ കൊണ്ടുചെന്നു വെച്ചു. പിറെറദിവസം നോക്കിയപ്പോൾ ദാഗോന്റെ വിഗ്രഹം യഹോവയുടെ പെട്ടകത്തിനുമുന്നിൽ കവിണ്ണു കിടന്നിരുന്നു. വീണ്ടും ദാഗോനെ യഥാസ്ഥാനത്തു പ്രതിഷ്ഠിച്ചു. എന്നാൽ അടുത്ത ദിവസം ദാഗോന്റെ വിഗ്രഹം കൈയ്യും, തലയും അററ് കവിണ്ണു കിടന്നു. ഫെലിസ്ത്യർ തുടർന്ന് പെട്ടകത്തെ വിവിധ പട്ടണങ്ങളിലേയ്ക്ക് മാററി. കൊണ്ടുപോകുന്ന സ്ഥലങ്ങളിലെല്ലാം വിവിധതര രോഗങ്ങളും മരണവും അവരെ ബാധിച്ചു.

വിവിധതര രോഗങ്ങളാൽ വലഞ്ഞ ഫെലിസ്ത്യർ പ്രായശ്ചിത്തമായി സ്വർണ്ണ ഉരുപ്പിടികൾ പെട്ടകത്തിൽ കാഴ്ച വെയ്ക്കുകയും ഒരു പുതിയ വണ്ടിയുണ്ടാക്കി കറവുള്ള രണ്ടു പശുക്കളെ കൊണ്ടുവന്നു വണ്ടിക്കുകെട്ടി അവയുടെ കിടാങ്ങളെ മാററിനിർത്തി. കറവുള്ള പശുക്കളായിരുന്നിട്ടും ഇടത്തോട്ടൊ, വലത്തോട്ടൊ തിരിയാതെ നേരെ യിസ്രായേല്യരുടെ ദേശത്തേയ്ക്ക് പോയി (1 ശമു. 5).

വി. മാതാവിനെ ദുഷിക്കുന്നവർ പ്രശസ്തിക്കും, ധനസമാഹരണത്തിനും, സമൃദ്ധിക്കും വേണ്ടി സമീപിക്കുമ്പോഴുണ്ടാകുന്ന അനുഭവങ്ങളാണിത്.

6. ആദരിച്ച് ആശ്രയിക്കുന്നവർക്ക് അനുഗ്രഹം (1 ശമു. 6)

കിര്യാത്ത് യയാരിം നിവാസികൾ ഈ പെട്ടകം എടുത്ത് ഒരു കുന്നിന്മേൽ അബീനാദാബിന്റെ വീട്ടിൽ വെച്ച് അവന്റെ മകനായ ഏലെയാസറിനെ ശുദ്ധീകരിച്ച് ശുശ്രൂഷിക്കുന്നതിനു നിയോഗിച്ചു. ഇരുപതു വർഷം ആ കുടുംബത്തിന ഐശ്വര്യം ആയിരുന്നു.

## 6. ആദരിച്ച് ആശ്രയിക്കുന്നവർക്ക് അനുഗ്രഹം (1 ശമു. 6)

കിര്യാത്ത് യയാരിം നിവാസികൾ ഈ പെട്ടകം എടുത്ത് ഒരു കുന്നിന്മേൽ അബീനാദാബിന്റെ വീട്ടിൽ വെച്ച് അവന്റെ മകനായ ഏലെയാസറിനെ ശുദ്ധീകരിച്ച് ശുശ്രൂഷിക്കുന്നതിനു നിയോഗിച്ചു. ഇരുപതു വർഷം ആ കുടുംബത്തിന് ഐശ്വര്യം ആയിരുന്നു.

അവിടെ നിന്ന് ദാവീദും കൂട്ടരും പെട്ടകം ബാലെ-യഹൂദിൽ ഓബെദ്-ഏദോമിന്റെ വീട്ടിൽ കൊണ്ടുവന്നു. ആ വീട്ടിൽ പെട്ടകം മൂന്നു മാസം ഇരുന്നു. അവനും, കുടുംബത്തിനും യഹോവ സർവൈശ്വര്യങ്ങളും നൽകി.

എന്നാൽ അവിടെനിന്ന് ദാവീദ് പെട്ടകം വാദ്യഘോഷനൃത്തങ്ങളോടെ യരുശലേമിലേക്ക് കൊണ്ടുവന്നു. ഈ യാത്രയിൽ ദാവീദ് സ്വയം മറന്ന് ആഹ്ളാദത്തോടെ പെട്ടകത്തിനു മുമ്പിൽ നൃത്തം ചെയ്യുന്നതുകണ്ട് ശൗലിന്റെ മകൾ മീഖൾ ഹൃദയത്തിൽ നിന്ദിച്ചു. അവൾക്ക് ജീവകാലം മുഴുവൻ വന്ധ്യയായി കഴിയേണ്ടിവന്നു ( 2 ശമു. 6).

## 7. ശുദ്ധതയുടെ ശുദ്ധസ്ഥലത്ത് (1 രാജാ:8)

ശലോമോൻ യരുശലേമിൽ പുതിയ ദേവാലയം പണിതീർത്തപ്പോൾ പെട്ടകം ദേവാലയത്തിൽ ശുദ്ധതയുടെ ശുദ്ധസ്ഥലത്ത് പുരോഹിതന്മാരാൽ പ്രതിഷ്ഠിക്കപ്പെട്ടു. മാതാവിനെയും ദൈവം ദ്രവത്വം കാണാൻ അനുവദിക്കാതെ സ്വർഗ്ഗാധിസ്വർഗ്ഗങ്ങളിലേയ്ക്ക് സ്വീകരിച്ചു ആഗസ്റ്റ് 15 ന് വാങ്ങിപ്പോയി.
വാങ്ങിപ്പിനെക്കുറിച്ച് പ്രധാനമായി രേഖപ്പെടുത്തിയിട്ടുള്ളത് അപ്പൊക്രിഫൽ ലിഖിതങ്ങളിലാണ്. മാതാവിന്റെ മരണവാർത്ത പരിശുദ്ധാത്മാവിൽ അറിഞ്ഞ പ. തോമാശ്ലീഹ ഇന്ത്യയിൽ നിന്നു പുറപ്പെട്ടെങ്കിലും യഥാസമയത്ത് എത്തിച്ചേർന്നില്ല. എന്നാൽ മാതാവിന്റെ മൃതശരീരവുമായി മാലാഖമാർ പോകുമ്പോൾ വൈകി വന്ന തോമാശ്ലീഹായ്ക്ക് മാതാവിന്റെ ഇടക്കെട്ടും കൈലേസും ലഭിച്ചുവെന്നും അവ മററു ശ്ലീഹന്മാരെ കാണിച്ചപ്പോൾ അവർ മാതാവിന്റെ സ്വർഗ്ഗയാത്രയിൽ വിശ്വസിച്ചുവെന്നും പറയപ്പെടുന്നു.
മാതാവിന്റെ വാങ്ങിപ്പുമായി ബന്ധപ്പെട്ട മറെറാരു വിവരണത്തിൽ, ഗബ്രിയേൽ മാലാഖ വന്ന് മാതാവിനോട് പുത്രനുമായ ഒത്തുചേരൽ അറിയിച്ചുവെന്നും മാതാവിന്റെ മരണവാർത്ത അത്ഭുതകരമായി ഗ്രഹിച്ച അപ്പോസ്തോലർ മാതാവിന്റെ അടുക്കലെത്തി തങ്ങളുടെ വരവിന്റെ കാരണമന്വേഷിച്ചു. ആ ഞായറാഴ്ച കർത്താവു പ്രത്യക്ഷപ്പെട്ട് മാതാവിന്റെ ആത്മാവിനെ കൈക്കൊണ്ടു. ഗത്ശീമോനിലെ ഒരു കല്ലറയിൽ മൃതശരീരം അടക്കപ്പെട്ടു. അവിടെ നിന്ന് മൂന്നാം ദിവസം ആ ശരീരം അപ്രത്യക്ഷമായി. അങ്ങിനെ ശിഷ്യർ മാതാവിന്റെ വാങ്ങിപ്പിൽ വിശ്വസിച്ചു.
എന്തൊക്കെയായാലും ദൈവമാതാവിന്റെ മരണാനന്തരം ആ ശരീരം ജീർണ്ണത പ്രാപിക്കാതെയും ദ്രവത്വം കാണാൻ ഇടയാകാതെയും സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെട്ടു. ദൈവത്തിനു വെടിപ്പും വിശുദ്ധിയുമുള്ള വാസസ്ഥലമായിത്തീർന്ന മൃതശരീരം പൊടിയും ചാരവുമായി അഴുകി പോകാതെ മാനുഷിക നിലയിൽ അത്യുന്നതങ്ങളിലേയ്ക്ക് ആനയിക്കപ്പെട്ടു (കോൺസ്റ്റാന്റിനോപ്പിളിലെ ജർമ്മനോസ്)
ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ കൊണ്ടാടുമ്പോൾ, യരുശലേം ദേവാലയത്തിൽ ശലോമോൻ യഹോവയുടെ പെട്ടകം പ്രതിഷ്ഠിച്ചപ്പോൾ ദൈവസാനിദ്ധ്യത്തെ അറിയിക്കുന്ന മേഘം ദേവാലയത്തെ വലയം പ്രാപിച്ചതുപോലെ ദൈവത്തിന്റെ സജീവമായ സാന്നിദ്ധ്യം വി. മാതാവിന്റെ മദ്ധ്യസ്ഥതയിൽ നാം പ്രാപിക്കുകയാണ്. വി. പിതാക്കന്മാർ സാക്ഷ്യപെട്ടകത്തോട് മാതാവിനെ ദൃഷ്ടാന്തീകരിച്ചത് എത്ര അർത്ഥവത്താണ്! വിശുദ്ധിയോടെ പെട്ടകത്തെ സമീപിക്കുകയും ശുശ്രൂഷിക്കുകയും പരിപാലിക്കുകയും ചെയ്തവർക്ക് യഹോവയായ ദൈവം അനുഗ്രഹങ്ങൾ സമൃദ്ധിയായി നൽകിയതുപോലെ നോമ്പോടും, ഉപവാസത്തോടും ജാഗരണത്തോടും മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുമ്പോൾ നമുക്കും അനുഗ്രഹങ്ങളും ഐശ്വര്യങ്ങളും സമൃദ്ധിയായിത്തന്നെ ലഭിക്കും!

*നിങ്ങളുടെ തോമസ് അച്ചൻ*

# 2010 July – Happenings

ബഹ്റൈൻ സെന്റ് പീറേറർസ് യുവജന പ്രസ്ഥാനത്തിനിതൊരപൂർവ്വ നിമിഷം. കൺവീനർ ശ്രീ. പ്രജീഷിനും കൂട്ടാളികൾക്കും അഭിനന്ദനങ്ങൾ!

യൂത്ത് അസ്സോസ്സിയേഷന്റെ നേത്രുത്വത്തിൽ, ഇബ്ൻ റഷീദ് ക്ളീനിക്കിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച Eye Awareness Day 2010 ഒരു വൻ വിജയമായതിനു പ്രജീഷിനും മററും അഭിമാനിക്കാം. ഒരു കൂട്ടായ പ്രയത്നത്തിന്റെ വിജയം!

റാംസിസ് എൻജിനീയറിംഗിന്റെ ഹഫീറയിലുള്ള ലേബർ ക്യാമ്പിലായിരുന്നു ഈ പരിപാടി സംഘടിപ്പിച്ചത്. ശ്രീ. ഹസ്സൻ എച്ച്. അൽ അറയ്ദ് (ഡയറക്ടർ, ഇബ്ൻ റഷിദ് ക്ലീനിക്സ് 2). ശ്രീ. ഫൈസൽ ജാസ്സിം മൊഹമ്മദ് അൽ ദോസ്സരി (മേജർ, റോയൽ ബഹ്റൈൻ എയർ ഫോർസ്), ശ്രീ. അബ്ബാസ് എ. വഹാബ് (എച്. ആർ. മാനേജർ, റാംസിസ് എൻജിനീയറിങ്ങ്), ശ്രീ. മൊഹമ്മദ് ഹസ്സൻ മൊഹമ്മദ് (പ്രോജക്ട് സൂപ്പ്റണ്ട്, റാംസിസ് എൻജിനീയറിംഗ്) എന്നിവർ പ്രധാന അതിഥികളായിരുന്നു.

ബഹുമാനപ്പെട്ട നമ്മുടെ വികാരിയച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഡോ. വിനോദ് തോമസ് കണ്ണിന്റെ സം രക്ഷണത്തെപ്പററി ക്ലാസ് എടുത്തു. ഏകദേശം 250 ഓളം ആൾക്കാരുടെ കണ്ണുകൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിച്ചു. ബഹുമാനപ്പെട്ട സെക്രട്ടറി സ്വാഗതപ്രസംഗവും, വൈസ് പ്രസിഡണ്ട് ശ്രീ. ജേക്കബ് പി.വി. നന്ദിയും പ്രകാശിപ്പിച്ചു. ഈ പരിപാടിയിൽ സംബന്ധിച്ച എല്ലാവരോടും, പ്രത്യേകിച്ച് ഇബ്ൻ റുഷിദ് ക്ലിനിക് 2 വിലെ ഡോക്ടർമാരോടും, നേർസുമാരോടുമുള്ള നന്ദി അറിയിക്കുന്നു. പരിപാടിയിലെ ചില നിശ്ചല ചിത്രങ്ങൾ.














## FAREWELL

Farewell to Mr. P.I. Chacko and family who left Bahrain for Kerala, India. A Memento was presented to him by our Vicar in appreciation of his faithful services extended to our Church during his stay in Bahrain.

VACATION BIBLE SCHOOL

# വി.ബി.എസ്. കുട്ടികളുടെ ഉൽസവം

## ഒരു വൻ വിജയം!

### അണിയറ ശിൽപ്പികൾക്ക് അഭിനന്ദനങ്ങൾ!

എല്ലാവരുടെയും കൂട്ടായ പ്രവർത്തനം കൊണ്ട് ശ്രദ്ധേയമായ വി.ബി.എസ്. ഒരു ഉൽസവത്തിന്റെ പ്രതീതി ഉളവാക്കി. കുട്ടികൾ ആഘോഷതിമിർപ്പിൽ സന്തോഷത്തോടെ ആടി, പാടി, വി.ബി. എസിന്റെ ചിന്താവിഷയം life so blessed ആയിരുന്നു ഒരാഷ്ചക്കാലം തങ്ങൾ ആരെക്കുറിച്ച് പഠിച്ചുവോ ആ ക്രിസ്തുവിനെ കിരീടമായി ശിരസ്സിൽ വഹിച്ചു എല്ലാവരും ദൈവത്തിന്റെ മക്കളാണെന്ന് നിശബ്ധമായി ലോകത്തെ വിളിച്ചറിയിച്ചു. പതിനാറാം തീയതി വെള്ളിയാഴ്ച്ച ആരംഭിച്ച് ഇരുപത്തിമൂന്നാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം പള്ളിക്കു ചുററുമുള്ള റാലിയും തുടർന്നുള്ള സമ്മേളനത്തോടെ അവസാനിച്ച ഈ വർഷത്തെ വി.ബി. എസ്. എന്നും ഓർമ്മിക്കുന്ന ഒരു അനുഭവമായി. ചില വി.ബി.എസ്. കാഴ്ച്ചകൾ.























V.B.S -2010
Theme: Life So Blessed (St.Mat. 5)
CENTRE: ST. PETER'S J.S.O. CHURCH
DATE 23.07.2010






V.B.S -2010


V.B.S.


V.B.S -2010
23.07.2010



# Sunday School

Sunday School Classes are closed for the Summer Holidays and will re-open on the 1st of October, 2010.

## The Changing Phase

**Lemma**



I say changing phase because now I am into college life new world , new country , new state , new city , new college , new class rooms , new friends , new strangers......in short a new phase of life. But it’s ironic that I am in an ancient college, The Madras Christian College (MCC). It’s been over 173 years since this college has been established. So it's a new life in an ancient college.

BA English Literature that's what I am into. I don't know from when on but its last year that I realized that literature has been my passion which I now prefer to make my profession. Even when I opted for Science in my 11th std, I thought I would be going for architecture, but without my knowledge my passion was asleep inside me. I didn't know that waking time was nearing. By the end of my 12th std , it was completely awake.....but I wasn't sure...because as you all know it’s quite common for Science students to go for either Engineering or Medicine. But I still had this desire in me to do something different...to deviate from the usual track...and then I thought I would go for Literature. But then my English marks for the Board exam disappointed me greatly. After getting really good marks in the school exams I get a mere 72 in Boards...it was a disaster for me. I remember cursing myself for ever liking English and to think that Literature was my passion and I thought I did rather go for Engineering. Later own I somehow gathered courage, I asked myself why I should back away from my passion. just because I got a 72 in boards and then I took up the challenge of deviating....Going behind my true Passion...' Literature '. For this my parents also supported me.

I know there were some elders who thought that my decision was wrong, because they thought after taking Science I was earmarked for being an Engineer. And that only Engineering had good employment offers....well please don't get me wrong. I am not against Engineers or Engineering. It's wonderful to be an Engineer if you have the true passion for it if you think Science suits you the best...

But my taste was different and so I took up a different path, and by the Almighty's grace got into one of the most reputed colleges for Arts and Science in India. Now I am here in Chennai Its a new experience to be literally melting in the intense summer after having an Air Conditioner, almost everywhere I went, in Bahrain. Staying away from family and friends makes my heart bleed. But this is an inevitable change that had to occur no matter what. Something I miss the most is our Church and moreover teaching the tiny tots in Sunday school. My inspiration to go into the teaching field, to become a Professor, is from the experiences I had teaching my little brothers and sisters in Sunday school, and so all thanks to our Sunday school and especially to Jacob Uncle who is the first person to send me to a Sunday school class as a substitute teacher. I am greatly looking forward to coming back to work in Bahrain and also to be a permanent Sunday School teacher. I know it sounds funny, but it's my dream.

My message to my little brothers and sisters is that Know your passion ...and once you know it... Follow it ...and moreover the almighty has a plan for each one of us and our lives will move on according to that master plan and whatever you take Science Commerce or Arts...nothing is going to change that.

**ARISE AND SHINE..&...ALL THE VERY BEST......!!!!!!!!**

With lots of Love

**Yours Lemma Chechy**

## New Memberships



**Mr. Jerry John Kurien (J 084) [Mobile: 38306469]**
153, J.J. Villa, Manorayanapalya, Sultanpalaya, R.T. Nagar,
Bangalore – 32, Tel.: 080-23430817
Tulip Inn, Hawar Beach Resort
Home Parish: St. Mary's Syrian Orthodox Cathedral, Bangalore
Diocese: Mylapore



**Mr. E.V. Johny (J 083) [Mobile: 39983467]**
Erappackal House, Kattilapoovam P.O., Thrissur, 680631
Tel.: 09444 522874
Flat 11, Bldg. 805, Road 415, Salmabad 704, Bahrain
Home Parish: St. Mary's Jacobite Syrian Church, Kattilapoovam
Diocese: Thrissur



**Mr. Mathew Vanchippallam Chirayil Chacko (M 031) [39783391 / 39802499]**
Vanchippalam Chirayil House, Kavumbhagom P.O. Thiruvalla,
Pathanamthitta, Kerala, Tel.: 0469-606195
Villa 647,Bldg. 647,Rd 3913, East Riffa 939, Bahrain
Home Parish: St. George Cathedral, Kavumbhagom
Diocese: Niranom

## Summer Class

***Fun Filled Classes***
***Malayalam, Stitching***
***Arts and Crafts, Cooking,***
***Drawing, Colouring,***
***Music, Basics on Internet browsing, Computer Graphics (Video Editing), Games***
***Magic, etc. etc.***

**Started on 31st July and will continue until 27th of August 2010**

**Every Saturday, Monday & Tuesday**

**From 6.30 PM to 9.00 PM**

# അനുശോചന സന്ദേശങ്ങൾ

നമ്മുടെ ഇടവകയിലെ

- ശ്രീ. ഐസക് പി. ഒ. യുടെ മാതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.
- ശ്രീ ജയ്സൺ കെ. യുടെ സഹോദരീഭർത്താവ് കർത്താവിൽ നിദ്ര പ്രാപിച്ചു.
- ശ്രീ, ജോൺസ് ഐ. മംഗലത്തിന്റെ ഭാര്യാപിതാവിന്റെ സഹോദരൻ കർത്താവിൽ നിദ്ര പ്രാപിച്ചു.
- ശ്രീ. ഷിനി ഏബ്രഹാമിന്റെ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.
- ശ്രീ. ചെറിയാൻ പി. എം ന്റെ പിതാവ് കർത്താവിൽ നിദ്ര പ്രാപിച്ചു.

നമ്മുടെ ഫൗണ്ടർ മെംബറായിരുന്ന ശ്രീമതി. ലൈലയുടെ ഭർത്താവ് ശ്രീ. ബേബി കർത്താവിൽ നിദ്ര പ്രാപിച്ചു.

പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു. പരേതർക്കു വേണ്ടി പള്ളിയിൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തി.
ഇടവകയുടെ അനുശോചനം സന്തപ്തകുടുംബാംഗങ്ങളെ ഈ അവസരത്തിൽ അറിയിക്കുന്നു.

**"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു"**

*(വി. യോഹ. 14: 1 - 2 )*

# A Quiz by the Numbers

Leela Alexander

1. One is the number of …
   a. sons of Isaac
   b. years Paul had to wait before meeting the disciples
   c. healed lepers who returned to thank Jesus
2. Two is the number of…
   a. spies who recommended that Israelites invade Canaan.
   b. Sons of Jacob
   c. Years of Jesus' ministry
3. Three is the number of ..
   a. sons of Abraham
   b. days Jonah was in the belly of fish.
   c. Testaments.
4. Four is the number of ….
   a. people king saw in the fiery furnace.
   b. lions in the den with Daniel.
   c. Books of the Bible written by John
5. Five is the number of …
   a. Bible books credited to Moses.
   b. Sons of Jesse
   c. Species that Noah would not let on board the ark
6. Six is the number of
   a. loaves of bread a little boy let Jesus multiply
   b. days God took to create things
   c. friends of Job
7. Seven is the number of…
   a. times Naaman was asked to dip in the Jordan river
   b. daughters of Laban
   c. Bible books written by Paul
8. Eight is the number of…
   a people on the ark.
   b. commandments God really gave on Mount Sinai.
   c. fish caught by Peter after he denied Jesus.
9. Nine is the number of ….
   a. stones David slung before hitting Goliath.
   b. soldiers who tried on Saul's armour before David did.
   c. feet tall, approximately ,that Goliath was.
10. Ten is the number of ..
    a. brothers of Goliath who swore vengeance against David
    b. husbands of Ruth.
    c. virgins in Jesus' parable who took their lamps to meet the bridegroom.

11. Eleven is the number of…
    a. brothers of Joseph.
    b. disciples of Jesus.
    c. chapters in genesis.
12. Twelve is the number of …..
    a. brothers of Joseph
    b. disciples of Jesus
    c. chapters in 1 Corinthians
13. Thirteen is the number of…
    a. fruit flies on the ark .
    b. the famous "love chapter" of 1. Corinthians.
    c. The infamous hate chapter of Ecclesiastes.
14. Fourteen is the number of…
    a. total years Jacob worked so he could marry Rachel.
    b. bad dreams Jacob had before reuniting with Esau.
    c. rungs on the ladder Jacob saw ascending towards heaven
15. Fifteen is the number of…
    a. people of Nineveh who responded to Jonah's message
    b. years God added to Hezekiah's life after he prayed for healing.
    c. Days Elisha had to wait to become a prophet.
16. Sixteen is the number of…
    a. years the chosen people wandered.
    b. chapters in Acts of Apostles
    c. number of gospels squared.
17. Twenty is the number of…
    a. pieces of silver the slave traders paid for Joseph.
    b. Years in Babylonian captivity
    c. Friends who advised Job
18. Thirty is the number of…
    a. pieces of silver Judas got for betraying Jesus.
    b. days Noah was aboard the ark.
    c. people who fell asleep during Paul's preaching.
19. One hundred is the number of…
    a. soldiers led by a centurion
    b. the days sun stood for Joshua
    c. soldiers Gideon used to rout an army of thousands
20. One thousand is the number of …
    a. people who became Christians on the day of Pentecost.
    b. bricks, slaves had to make for Egyptians per hour
    c. years that one day is like, to the Lord.

☆ ☆

# COMPARISON – A BLOW TO SIBLING HARMONY

*Leela Alexander*

In the local newspaper last week, there was a letter from a person who was always compared to his good looking brother. He became jealous because he was ignored by his family and friends. He admits he used to beat his brother, push him around and did a lot of harm to him out of jealousy. And yet, each time, his brother would hug him and look at his face with gleaming eyes still brimming with love. One tragic morning, his brother suffered a nasty fall and died of massive internal injuries. He writes "I cried for the first time for my brother looking at his closed eyes; from that day I never hurt even a fly."

We all do have this habit of comparing children; parents compare siblings, teachers compare students, employers compare employees. Comparing a child to his brother or sister or a cousin only demotivates the child. It will make it harder for him to cope up with his tasks. We may not be aware of it, but our unnecessary comparisons put a tremendous amount of stress on our children.

A friend visited us with his family recently. As usual, the conversation revolved around the academic performance of his children. Both the parents were praising the younger one about his smartness, his good grades in studies and how every body liked his pleasing jovial nature but how the older brother was the complete opposite of his brother. He was never regular in studies, was always complaining, unhappy, not ambitious…the list went on. I looked at the boy's face and I could read how miserable, hurt and ashamed he felt. I wished they would stop it. I quickly diverted the conversation to something else to save the child from further humiliation.

Every child has his or her own set of talents, so don't ever compare your children with each other or with others. You will make the child revengeful, resentful or angry with his sibling, cousin or anyone to whom he is compared. Give them small tasks to do together and praise them equally when it is completed.

We have to remember, whatever we want to tell our child, can be told without any comparison to a brother or sister, stick to the issue you want him to do at that time and try to help him do it. He will remember you always for that concern and support.

Children do understand each other's capabilities. By nurturing their appreciative attitude carefully, you'll find your child saying "my brother sings really well…" with pride in their voice that their sibling has such talent. Try not to encourage or support others when they compare your children. Be the rock your children can come to in times of sadness as well as jubilation. Work actively on building up your child's self-confidence by helping him discover things he is good at or has an innate talent for. The encouragement, support and trust your children get from you will eventually help shaping their future.


Competition in any form is actually a tool for comparison. Though they motivate a few, they demotivate even more. Some stop pursuing a talent when they repeatedly lose in such competitions.

Grading systems introduced by examination boards attempt to rank students and group a large number of students with a diverse set of talents by what is assumed to be the same range of intelligence. There is seemingly a competition for everything now and no one thinks twice about engaging in foul play and ignoring all ethics just to win. Often, the charm and grace of the art itself is lost. Despite football being one of the most popular games in the world, that brings the world together; didn't we see several instances in this world cup of players feigning injury or diving on the field just to get a free kick?

There is always room for healthy competition as this helps hone talents and makes people aspire towards greatness. But keep competition in perspective, and remember that with our children, there is definitely such a thing as too much competition.

We have to remember, whatever we want to tell our child, can be told without any comparison to a brother or sister, stick to the issue you want him to do at that time and try to help him do it. He will remember you always for that concern and support.

---------- ***** ----------



8th Happy Birthday (20.08.2010)

**BLESSY MARIAM PHILIP**







St. Gregorios, Pray For Us



Inserted by:

**DIYA & DEO**

Psalm 36:7

